# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)-1555/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 09/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)-1555/2021 തീയ്യതി: 09/02/2022

# എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 30-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനു പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ശ്രീജ ഉണ്ണിക്കൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കവിത എസ്. കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി മെഴ്സി കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്മുക്കുട്ടി സുദർശനൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്റ്റ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. ബിൻസി.ബൈജു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. അനിമോൾ.കെ. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ,റോഷിൻ കോശി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 23-02-2021 |
| ശ്രീ.ജയകൃഷ്ണൻ ജി. | അസിസ്റ്റന്റ് സെക്രട്ടറി | 24-02-2021 | 31-03-2021 |
| ശ്രീ, വിനോദ്.വി.ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-02-2021 |
| ശ്രീ സന്തോഷ് കെ.എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 24-02-2021 | 31-03-2021 |
| ശ്രീമതി ടെസ് ടെറീറ്റ മേരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്) | 01-04-2020 | 03-08-2020 |
| ശ്രീമതി നിഷ പി. എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്) | 04-08-2020 | 22-10-2020 |
| ശ്രീ നിരഞ്ജൻ ശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്) | 23-10-2020 | 31-03-2021 |
| ശ്രീ ഹരീഷ്കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഴവന്നൂർ) | 01-04-2020 | 10-11-2020 |
| ശ്രീ മുഹമ്മദ് സാലിഗ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഴവന്നൂർ) | 11-11-2020 | 31-03-2021 |
| ശ്രീമതി നിഷ .പി. എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുനിത സുരേന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 23-02-2021 |
| ശ്രീമതി കൃഷ്ണശോഭ കെ.ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-02-2021 | 31-03-2021 |
| ഡോ. ശ്രീലേഖ ദിവാകർ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി, | 01-04-2020 | 31-03-2021 |
| ഡോ. തോമസ് കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. ഹേമ തിലക് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. രാജേഷ് പി.ബി. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീലത വി.സി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ ശിവദാസൻ എം.കെ. | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 14-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kavitha S Kannan (Senior Grade Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Kavitha S Kannan (Senior Grade Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട്<br>Written By: Shaiby.E.D (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-11 |
| 13 | ദുരിതാശ്വാസ നിധി<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-12 |
| 14 | ലൈഫ്ഭവനപദ്ധതി- ഭവനനിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-13 |
| 15 | കാലിത്തീറ്റ പദ്ധതി- കൈകാര്യചെലവ് ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 28-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-14 |
| 16 | ക്ഷയരോഗികൾക്കുള്ള പോഷകാഹാര പദ്ധതി-അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-15 |

| | | |
|---|---|---|
| 17 | കുടിവെള്ള വിതരണം-വാഹനത്തിന്റെ ജി പി എസ് ട്രാക്ക്റെക്കോർഡ് ലഭ്യമാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-16 |
| 18 | വസ്തുനികുതി നിർണ്ണയം - നികുതി നിർണ്ണയിച്ചിരിക്കുന്നതിൽ ഏകരൂപം ഇല്ല<br>Written By: Mercy KP (Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-17 |
| 19 | പ്രൈവറ്റ് ഹോസ്പിറ്റൽ / പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Mercy KP (Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 08-02-2022) | 1-18 |
| 20 | കേസ് ഫയലുകളുടെ സൂക്ഷിപ്പ്<br>Written By: Shaiby.E.D (Asst. Audit Officer, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-19 |
| 21 | കേസ് നടത്തിപ്പുകളിൽ കാര്യക്ഷമത ഉറപ്പാക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-19-1 |
| 22 | കാലാവധി കഴിഞ്ഞ നിക്ഷേപതുകകളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-20 |
| 23 | മഴക്കാലപൂർവ്വ ശുചീകരണം - മുൻകൂർ തുക ക്രമീകരിക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-21 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 28-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-22 |
| 25 | തനതുഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ചത് എം.എൽ.എ. ഫണ്ടിൽ നിന്നും തിരികെ ലഭ്യമാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-23 |
| 26 | മരുന്ന് ലഭ്യമായില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-24 |
| 27 | വാഹനങ്ങളുടെ ഇൻഷുറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 28-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-25 |
| 28 | കോവിഡ്-19 -പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരം സംബന്ധിച്ച്<br>Written By: Kavitha S Kannan (Senior Grade Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-26 |
| 29 | കെട്ടിടനികുതി അടവാക്കാത്ത മൊബൈൽ ടവറുകൾ സംബന്ധിച്ച്<br>Written By: Mercy KP (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-27 |
| 30 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Mercy KP (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-28 |
| 31 | ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പോഷകാഹാരം<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-29 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

## ഭാഗം **4**


| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 20.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|
| വരവ് | 2,56,27,093.95 |
| ചെലവ് | 43,83,95,465.00 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 08.6.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29923222 |
| ഓഡിറ്റ് വർഷത്തെ വരവ് | 13,50,28,195 |
| ആകെ | 16,49,51,417 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 13,55,60,926 |
| നീക്കിയിരിപ്പ് | 2,93,90,491 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,58,008 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR പ്രകാരം) | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 16447788 | 16447788 | 15048954 | 0 | 1398834 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 10556401 | 10556401 | 6074447 | 0 | 4481954 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 271871 | 271871 | 70814 | 0 | 201057 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 27873000 | 27873000 | 27773912 | 0 | 99088 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6116502 | 6116502 | 4203567 | 0 | 1912935 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied Basic Grant) | 0 | 10936632 | 10936632 | 9256484 | 0 | 1680148 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied Grant) | 0 | 73,50,000 | 73,50000 | 2064629 | 0 | 5285371 |
| കേന്ദ്രാവിഷ്കൃതഫണ്ട് - സാനിട്ടേഷൻ 320 100 115 | 2323985 | 0 | 2323985 | 839228 | 1484757 | 0 |
| NREGA 320 100 101-Admin.Exp | 1156 | 1090905 | 1092061 | 1088049 | 4012 | 0 |
| EFMS | 0 | 40710499 | 40710499 | 40710499 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ICDS- 320 100 121 | 3695770 | 1056044 | 4751814 | 2201091 | 2550723 | 0 |
| ARWSS(Accelerated Rural Water Supply Scheme) 320100125 | 32004 | 995 | 32999 | 0 | 32999 | 0 |
| മറ്റുള്ളവ (വിമുക്തി ഫണ്ട് ഉൾപ്പെടെ) 320100199 | 89546 | 3216838 | 3306384 | 0 | 3306384 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ലൈഫ് സ്റ്റേറ്റ് ഷെയർ320200305 | 0 | 13280000 | 13280000 | 11900000 | 1380000 | |
| ബഡ്സ് സ്കൂൾ ഫണ്ട് 320200307 | 260931 | 1387575 | 1648506 | 302335 | 1346171 | 0 |
| കേരളോത്സ വം | 24940 | 20000 | 44940 | 25700 | 19240 | 0 |
| ശുചിത്വമിഷൻ 320200322 | 350000 | 190000 | 5400000 | 190000 | 350000 | 0 |
| സാക്ഷരത | 2811 | 88 | 2899 | 18 | 2811 | 0 |
| സാനിറ്റേഷൻ 320300103 | 90000 | | 90000 | 0 | 90000 | 0 |
| മറ്റുള്ളവ 320300199 | 1513451 | 2159004 | 3672455 | 2049671 | 1622784 | 0 |
| ദുരിതാശ്വാസ നിധി | 3373 | 136 | 3509 | 0 | 3509 | 0 |
| ജോയിന്റ് വെഞ്ച്വർ ബ്ലോക്ക് പഞ്ചായത്ത് | 4204572 | 6950000 | 11154572 | 6960210 | 4194362 | 0 |
| ജോയിന്റ് വെഞ്ച്വർ ജില്ല പഞ്ചായത്ത് വികസന ഫണ്ട്(എസ്.സി.പി) | 2085711 | 2205572 | 4291283 | 3937558 | 353725 | 0 |

2309212/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ് [വികസന ഫണ്ട്(ജനറൽ)]

542157/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ് [വികസന ഫണ്ട്(എസ്.സി.പി)]
43961/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ് [വികസന ഫണ്ട്(ടി.എസ്.പി)]

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 266 | 28,10,41,137 | 196 | 11,08,68,981 | 42 | 70 | 57% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1156 | 1090905 | 1092061 | 1088049 | 4012 |
| ഉണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 40707464 | 40707464 | 40707464 | 0 |
| ആകെ | 1156 | 42043404 | 42044560 | 42040548 | 4012 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഉണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1,28,77,300 | 2713 |
| വിധവാപെൻഷൻ | 1,98,02,700 | 3010 |
| വാർദ്ധക്യകാലപെൻഷൻ | 3,62,03,600 | 6876 |
| വികലാംഗപെൻഷൻ | 61,84,400 | 1182 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 9,12,000 | 152 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000 | 3 |

തൊഴിൽരഹിത വേതനം തൻവർഷം ചെലവില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/10/2021 ന് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി, പരിശോധനയിൽ 1,35,400/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.03.2020 | 01.02.20-29.02.20 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2017 മുതൽ 13.10.2017 വരെ | 2014-15, 2015-16, 2016-17 | 11.12.2017 |

## 1-10 ആഭ്യന്തര നിയന്ത്രണം

പദ്ധതികളുടെ നിർവ്വഹണം:

പഞ്ചായത്തിലെ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥരെല്ലാം തന്നെ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഏറെക്കുറെ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ്

പഞ്ചായത്തിൽ നിന്ന് വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് വരുന്നവർക്ക് ആവശ്യമായ സൗകര്യങ്ങളോട് കൂടി ഫ്രണ്ട് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുപോരുന്നുണ്ട്.

## 1-11 ഓഡിറ്റ് ഇംപാക്ട്

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ സാന്ത്വന പരിചരണ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 2019 ആഗസ്റ്റ് മാസം ആകെ 12 ദിവസം ഗൃഹസന്ദർശനം നടത്തിയതിന് നഴ്സിന്റെ ഓണറേറിയം, ആംബുലൻസ് ഡ്രൈവറുടെ വേതനം, ഭക്ഷണ ചെലവ് എന്നീ ഇനങ്ങൾക്കായി ബിൽ നം.6/20-21 തീയതി 11.09.2020 പ്രകാരം ആകെ 25,700/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ ആകെ പത്ത് ദിവസം മാത്രമാണ് ഗൃഹസന്ദർശനം നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. 10.08.2020, 27.08.2020 എന്നീ ദിവസങ്ങൾ ഹോംകെയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആംബുലൻസിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ 10.08.2020 ന് വാഹനം ഓടിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടില്ല, 27.08.2020ന് വാഹനം ഉപയോഗിച്ചിട്ടുണ്ട്. ഹോംകെയർ രജിസ്റ്റർ, വാഹനത്തിന്റെ ലോഗ്ബുക്ക് എന്നിവ പ്രകാരം ഈ ദിവസം ഡ്യൂട്ടി ചെയ്യാതിരുന്നിട്ടും ആംബുലൻസ് ഡ്രൈവർക്ക് ഈ ദിവസത്തെ വേതനം 715/- രൂപ അനുവദിച്ച് നൽകിയതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് 24.10.2021 ന് നൽകിയ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് അധികം നൽകിയ വേതനം 715/- രൂപ രസീത് നമ്പർ 121030102913 / 26.10.2021 പ്രകാരം അടവാക്കി.

## 1-12 ദുരിതാശ്വാസ നിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാനാണ് ദുരിതാശ്വാസനിധി രൂപീകരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടേയും പേരിൽ ഐരാപുരം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലാണ് ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടുള്ളത് (അക്കൗണ്ട് നം-1472) 2016-17 വർഷത്തിന് ശേഷം ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. 2017-18 മുതൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകൾ വന്നിട്ടുമില്ല. വർഷാന്ത്യ (31.3.2021) നീക്കിയിരിപ്പായി അക്കൗണ്ടിൽ 3,509/- രൂപ ബാക്കിയുണ്ട്. നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കേണ്ടതുമാണ്.

## 1-13 ലൈഫ്ഭവനപദ്ധതി- ഭവനനിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം, പേര് | 8/21<br>ലൈഫ്ഭവനപദ്ധതി-പൊതുവിഭാഗം |
| അടങ്കൽ | ₹ 4,52,00,000/-<br>വികസന ഫണ്ട്- 3415800<br>സംസ്ഥാന വിഹിതം-12064200<br>ബ്ലോക്ക് വിഹിതം-7500000<br>ജില്ല പഞ്ചായത്ത്-10000000<br>ഹഡ്കോ ലോൺ-10000000<br>തനത് ഫണ്ട്-2220000 |
| ചെലവ് | ₹ 1,70,08,150/-<br>വികസന ഫണ്ട്- 3408150<br>സംസ്ഥാന വിഹിതം-8080000<br>ബ്ലോക്ക് വിഹിതം-2330000 |

| | |
|---|---|
| | ഹഡ്കോ ലോൺ-3190000 |
| നിർവഹണം | വി.ഇ.ഒ മഴവന്നൂർ |

മേൽ പ്രോജക്ടിൽ പെടുത്തി 2020-21 വർഷം ഭവനനിർമാണത്തിനായി കരാർ ചമച്ച 50 ഗുണഭോക്താക്കളിൽ ധന്യ അനീഷ് കുമാർ, മുണ്ടോട്ടത്തിൽ വീട് വലമ്പൂർ , ലത അനിൽ കുമാർ പുളിയാപ്പിള്ളിൽ മഴവന്നൂർ, രാധ രാധാകൃഷ്ണൻ കൊറ്റകുന്നേൽ നെല്ലാട് എന്നീ മൂന്ന് പേർ അഡ്വാൻസ് തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും (40000 രൂപ യഥാക്രമം 15.07.20, 16.11.20 തീയതികളിൽ) ഭവനനിർമാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി-22/28.10.21) ചുവടെ ചേർക്കും പ്രകാരം മറുപടി നൽകി.

ധന്യ അനീഷ് കുമാർ, ലത അനിൽ കുമാർ എന്നിവരുടെ വസ്തു മണ്ണ് നീക്കം ചെയ്തപ്പോൾ പാറക്കെട്ടുകൾ നിറഞ്ഞിരുന്നതിനാലും രാധ രാധാകൃഷ്ണൻ എന്നയാളുടെ ഭൂമി കനാലിനോട് ചേർന്ന് കിടക്കുന്നതും വഴി സൌകര്യം ഇല്ലാത്തതിനാലുമാണ് നിർമാണം ആരംഭിക്കുവാൻ കഴിയാതെ പോയതെന്നറിയിച്ചു. പാറ പൊട്ടിക്കുവാനും കനാൽ സ്ലാബ് നിർമിക്കുവാനുമുള്ള തയ്യാറെടുപ്പുകളിലാണ് പ്രസ്തുത ഗുണഭോക്താക്കളെന്നും മറുപടിയിൽ വിശദമാക്കി. മറുപടി അംഗീകരിക്കുന്നു. കാലവിളംബം കൂടാതെ ഭവനനിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

ലൈഫ് പദ്ധതിയുടെ രജിസ്റ്റർ (VOL-I) പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ 2018-19 വർഷം അഡ്വാൻസ് തുക കൈപ്പറ്റിയതായും എന്നാൽ നാളിതുവരെ ഭവനനിർമാണം ആരംഭിക്കാത്തതുമായും രേഖപ്പെടുത്തിയിരുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക, തീയതി |
|---|---|---|
| 1 | സുജ സുരാഗ്, കരോത്തുചിറിയിൽ<br>ഐരാപുരം (എസ്.സി) | 40000/-<br>23/10/2018 |
| 2 | സരോജിനി കുമാരൻ<br>നെട്ടംകുളങ്ങരമല (എസ്.സി) | 40000/-<br>12/03/2019 |
| 3 | പ്രീതി വാരിജാക്ഷൻ, മേപ്പാടം<br>മഴവന്നൂർ (ജനറൽ) | 40000/-<br>13/06/2018 |

കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി-22) ഇപ്രകാരം മറുപടി നൽകി. സുജ സുരാഗ്-എസ്.സി ഡിപ്പാർട്ട്മെന്റ് മുഖേന ലഭിച്ച ഇവരുടെ ഭൂമിയുടെ നടുവിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥിതി ചെയ്യുന്നു. പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള ഭാരിച്ച തുക വഹിക്കുവാൻ കഴിവില്ലാത്തതിനാൽ പണി മുടങ്ങിക്കിടക്കുന്നു. ലൈഫ് മിഷൻ കുടുംബസംഗമത്തിലും കെ.എസ്.ഇ.ബി ഓഫീസർമാർ മുമ്പാകെയും അറിയിച്ചുവെങ്കിലും നടപടിയുണ്ടായില്ല. സരോജിനി കുമാരൻ- എസ്.സി ഡിപ്പാർട്ട്മെന്റ് മുഖേന ലഭിച്ച ഇവരുടെ ഭൂമി ഉയരം കൂടിയ സ്ഥലത്താണ്. മണ്ണ് മാറ്റി നിർമാണം തുടങ്ങാൻ ശ്രമിച്ചെങ്കിലും പരിസരവാസികളുടെ എതിർപ്പ് മൂലം സാധിച്ചിട്ടില്ല.

ഇരു ഗുണഭോക്താക്കളും മറ്റ് പഞ്ചായത്തുകളിൽ നിന്ന് വന്ന് താമസിക്കുന്നവരായതിനാൽ നാട്ടുകാരിൽ നിന്നും സഹകരണം ലഭിക്കുന്നില്ലായെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എസ്.സി വിഭാഗത്തിൽ പെട്ട മേൽ ഗുണഭോക്താക്കളുടെ അവസ്ഥ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. വിഷയത്തിൽ അടിയന്തിര പ്രാധാന്യത്തോടെ ഇടപെട്ട് ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

പ്രീതി വാരിജാക്ഷൻ - ഗുണഭോക്താവിന്റെ അനാസ്ഥ മൂലം ഭവനനിർമാണം വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്നു എന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. നിർമാണം തുടരുവാൻ സാധ്യതയില്ലെങ്കിൽ കൈപ്പറ്റിയ അഡ്വാൻസ് തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 കാലിത്തീറ്റ പദ്ധതി- കൈകാര്യചെലവ് ലഭ്യമായില്ല

| പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവ് (ബിൽനം/തീയതി) |
|---|---|---|
| കറവപ്പശുക്കൾക്ക് കാലിത്തീറ്റ -41/21 | വികസന ഫണ്ട്-718370<br>തനത് ഫണ്ട്-189630<br>ഗുണഭോക്തൃ വിഹിതം-1407400 | വികസനഫണ്ട്-614000<br>1)313000,04/20-21, 26/03/2020<br>2)301000,08/20-21, 28/03/2021<br>ഗുണഭോക്തൃവിഹിതം-914860<br>1)466370-NEFT<br>2)448490-NEFT |

വെറ്ററിനറി സർജൻ നിർവഹണം ചെയ്ത മേൽ പ്രോജക്ട് മുഖേന കേരള ഫീഡ്സ്, കല്ലേറ്റുംകര, തൃശ്ശൂർ എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും 50 കിലോ വരുന്ന 1228 ചാക്ക് മിട്ടുക്കി കാലിത്തീറ്റ വാങ്ങി ക്ഷീര കർഷകർക്ക് നൽകിയിട്ടുണ്ട്. കേരള ഫീഡ്സുമായി ഗ്രാമപഞ്ചായത്ത് ചമച്ച കരാറിലെ ക്രമ നം.9 ഖണ്ഡിക പ്രകാരം കാലിത്തീറ്റ ചാക്കുകൾ കൈകാര്യം ചെയ്തതിനുള്ള ചെലവായി ഓരോ ചാക്കിനും 30/-രൂപ വീതം വെറ്ററിനറി സർജന് നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കേരളഫീഡ്സിൽ നിന്നും തുക ലഭ്യമായിട്ടുണ്ടോ എന്നറിയിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-7/25.10.21) മറുപടിയായി റിക്വസ്റ്റ് സമർപ്പിക്കുവാൻ ബന്ധപ്പെട്ട ആപ്കോസിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് കേരളഫീഡ്സിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. കൈകാര്യ ചെലവിനത്തിൽ പഞ്ചായത്തിനർഹതപ്പെട്ട 36840/-രൂപ (1228 X 30) കേരളഫീഡ്സിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-15 ക്ഷയരോഗികൾക്കുള്ള പോഷകാഹാര പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/ പേര് | S133/21, ക്ഷയരോഗ വിമുക്ത കേരളം- |

| | |
|---|---|
| | ക്ഷയരോഗികൾക്കുള്ള പോഷകാഹാര പദ്ധതി |
| അടങ്കൽ | 1,40,000/-(തനതു ഫണ്ട്) |
| ചെലവ് | 1,15,268/- |
| ചെക്ക് നം. | 2427978 തീയതി 12.03.2021 തുക 22429/-<br>3365365 തീയതി 23.03.2021 തുക 25418/-<br>2623243 തീയതി 29.03.2021 തുക 22481/-<br>1672200 തീയതി 13.01.2021 തുക 44940/- |

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. നടപ്പാക്കിയ ഈ പദ്ധതിയിൽ ക്ഷയരോഗത്തിന് ചികിത്സയിലുള്ള പതിനഞ്ച് രോഗികൾക്ക് ഒരു മാസം 1500/- രൂപയിലധികരിക്കാതെ പോഷകാഹാര കിറ്റ് വിതരണം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ ഉ (കൈ)നം.11/2018 തസ്വഭവ തീയതി 29.01.2018 ഖണ്ഡിക നം. 7.8.3 (2) ൽ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന ഭക്ഷണവിതരണ പരിപാടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ക്ഷയരോഗികൾക്കുള്ള പോഷകാഹാര പദ്ധതി ഉൾപ്പെട്ടിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018 ലെ പൊതുനിബന്ധനകൾ-ഖണ്ഡിക 2.2 പ്രകാരം ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. നൂതന പദ്ധതി എന്ന വിഭാഗത്തിലുൾപ്പെടുത്തി പ്രസ്തുത പ്രൊജക്ടിന് അംഗീകാരം വാങ്ങിയിട്ടുള്ളതായും കാണുന്നില്ല. ഫയലിൽ ചേർത്തിട്ടുള്ള സ ഉ(സാധാ)നം.782/13 തസ്വഭവ തീയതി 25.03.2013 നമ്പർ ഉത്തരവ് 2013-14 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തുകൾക്ക് ക്ഷയരോഗികൾക്ക് പോഷകാഹാരവിതരണം നടത്തുന്നതിന് ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കാനുള്ള പ്രത്യേകാനുമതി നൽകിക്കൊണ്ടുള്ളതാണ്. തനതുഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതിയാണ് ഇതെങ്കിലും, വാർഷികപദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്ന അവസരത്തിൽ, പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിനുള്ള അതെ മാനദണ്ഡങ്ങളാണ് തനതുഫണ്ട് ചെലവഴിക്കുന്നതിലും ബാധകമെന്ന് സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018 ലെ പൊതുനിബന്ധനകൾ-ഖണ്ഡിക 8.7.(4) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 25.10.2021 ലെ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയാത്ത പദ്ധതിയാണെന്ന് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്കനുസൃതമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 കുടിവെള്ള വിതരണം-വാഹനത്തിന്റെ ജി പി എസ് ട്രാക്ക്റെക്കോർഡ് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം/ പേര് | S0217/21, കുടിവെള്ള വിതരണം |
| അടങ്കൽ | 159200/-(തനതു ഫണ്ട്) |
| ചെലവ് | 159200/- |
| ചെക്ക് നം. | 275847 തീയതി 07.09.2020 |

പഞ്ചായത്തിൽ 17.04.2020 മുതൽ 03.05.2020 വരെ കുടിവെള്ള വിതരണം നടത്തിയതിന് 154424/- രൂപ ടെൻഡർ ലഭിച്ച ശ്രീ.അനുമോൻ ഐസക്ക്, ഇടപ്പാറയിൽ എന്ന വ്യക്തിക്ക് ചെക്ക് നം. 275847 തീയതി 07.09.2020 പ്രകാരം നൽകിയിട്ടുണ്ട്. 190750 രൂപ നൽകേണ്ടിയിരുന്നെങ്കിലും പ്രൊജക്ടിൽ വകയിരുത്തിയിരുന്നത് 159200/-രൂപയായതിനാൽ 154424/- രൂപ നൽകുകയാണുണ്ടായത് (ജി.എസ്.ടി. 3184/-രൂപ, ആദായനികുതി 1592/-രൂപ എന്നിവ കഴിച്ചുള്ള തുക). കിലോമീറ്ററിന് 175/- രൂപയാണ് ടെൻഡർ പ്രകാരമുള്ള നിരക്ക്. 1090 കിലോമീറ്റർ കുടിവെള്ള വിതരണം നടത്തിയതിന്റെ ട്രിപ്ഷീറ്റ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.03.2019 ലെ സി5-3097/2018 നമ്പർ ഉത്തരവ് പ്രകാരം ജില്ലാതലത്തിൽ റവന്യൂ, പഞ്ചായത്ത് അധികാരികൾക്ക് മോണിറ്ററിംഗ് നടത്തുവാൻ കഴിയുന്ന തരത്തിൽ ജി.പി.എസ്. സംവിധാനത്തോടുകൂടിയ വാഹനങ്ങളാണ് കുടിവെള്ള വിതരണത്തിനായി ഏർപ്പെടുത്തേണ്ടത്. വൗച്ചർ നമ്പർ 21900060 തീയതി 02.05.2019 പ്രകാരം 4500/- രൂപ ചെലവിൽ കുടിവെള്ള വിതരണത്തിനുള്ള വാഹനത്തിൽ ജി.പി.എസ്. ഘടിപ്പിച്ചിരുന്നു. വാട്ടർ സാംപിൾ ടെസ്റ്റ് ചെയ്ത് വിതരണയോഗ്യമാണെന്ന് സാക്ഷ്യപത്രം ലഭിച്ചിട്ടുള്ള കിണറ്റിൽ നിന്ന് തന്നെയാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതെന്ന് ഉറപ്പാക്കുന്നതിന് ഈ ദിവസങ്ങളിലെ വാഹനത്തിന്റെ ജി.പി.എസ്. ട്രാക്ക് റെക്കോർഡ് ഫയലിൽ ചേർത്തിട്ടില്ല. ട്രിപ്ഷീറ്റിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുകയാണ് ചെയ്തിരിക്കുന്നത്. വാഹനത്തിന്റെ ജി.പി.എസ്. ട്രാക്ക്റെക്കോർഡ് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 27.10.2021 ലെ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ട്രാക്ക് റെക്കോർഡ് ഫയലിൽ ചേർത്തിട്ടുണ്ടെന്ന് മറുപടി നൽകിയെങ്കിലും ട്രിപ്ഷീറ്റ് മാത്രമാണ് ഫയലിലുള്ളത്. ജി.പി.എസ്. ട്രാക്ക് റെക്കോർഡ് ലഭ്യമാക്കുന്നത് വരെ 154424/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 വസ്തുനികുതി നിർണ്ണയം - നികുതി നിർണ്ണയിച്ചിരിക്കുന്നതിൽ ഏകരൂപം ഇല്ല

(എ) ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ ഒരേ ഇനം കെട്ടിടങ്ങൾക്ക്, വ്യത്യസ്ത നിരക്കുകളിൽ കെട്ടിട നികുതി കണക്കാക്കിയിരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | വാർഡ് നം./കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ.) | നിരക്ക് | കെട്ടിടത്തിൻെറ ഉപയോഗം ( സഞ്ചയ സെലക്ഷൻ പ്രകാരം) |
|---|---|---|---|---|---|
| 1 | 2/66/A | സുശീല മക്കളായ സുജിത്, ജിജിത് | 53.35 | 50 | വാണിജ്യാവശ്യത്തിനുള്ള 100 ച. മീ. മുകളിലുള്ള തറ വിസ്തീർണം. |
| 2 | 2/66/B | സുശീല മക്കളായ സുജിത്, ജിജിത് | 26.68 | 50 | വാണിജ്യാവശ്യത്തിനുള്ള 100 ച. മീ. മുകളിലുള്ള തറ വിസ്തീർണം. |

| | | | | | |
|---|---|---|---|---|---|
| 3 | 2/66/C | സുശീല മക്കളായ സുജിത് , ജിജിത് | 26.68 | 50 | വാണിജ്യാവശ്യത്തിനുള്ള 100 ച. മീ. മുകളിലുള്ള തറ വിസ്തീർണം. |
| | | ആകെ തറ വിസ്തീർണ്ണം | 106.71 | | |
| 4 | 4/483/A | സണ്ണി പോൾ, റ്റി. എം ജോയ് | 75.74 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 5 | 4/483/A | സണ്ണി പോൾ, റ്റി. എം ജോയ് | 145.38 | 50 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. മുകളിലുള്ള തറ വിസ്തീർണം. |
| 6 | 4/483/A | സണ്ണി പോൾ, റ്റി. എം ജോയ് | 145.38 | 50 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. മുകളിലുള്ള തറ വിസ്തീർണം. |
| | | ആകെ തറ വിസ്തീർണ്ണം | 366.5 | | |
| 7 | 1/18/A | പ്രസിഡൻറ് എൻ.എസ്.എസ്. കരയോഗം | 78 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 8 | 1/18/B | “ | 38 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 9 | 1/18/C | “ | 38 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 10 | 1/18/D | “ | 38 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 11 | 1/18/E | “ | 36 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 12 | 1/18/F | “ | 82 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 13 | 1/18/G | “ | 30 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| | | ആകെ തറ വിസ്തീർണ്ണം | 340 | | |
| 14 | 7/282/A | ഏലിയാസ് ബേബി | 66.04 | 50 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. മുകളിലുള്ള തറ വിസ്തീർണം. |
| | | ആകെ തറ വിസ്തീർണ്ണം | 66.04 | | |
| 15 | 9/253/A | S. ഗോപിനാഥൻ | 44.64 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 16 | 9/253/B | “ | 55.64 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 17 | 9/253/D | “ | 66.83 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 18 | 9/253/E | “ | 76.73 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| | | ആകെ തറ വിസ്തീർണ്ണം | 243.84 | | |
| 19 | 9/333/A | വിജയൻ കവലക്കാട് | 19.1 | 50 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. മുകളിലുള്ള തറ വിസ്തീർണം. |
| 20 | 9/333/B | “ | 19.1 | 50 | “ |
| 21 | 9/333/C | “ | 19.1 | 50 | “ |
| 22 | 9/333/D | “ | 19.1 | 50 | “ |
| 23 | 9/333/E | “ | 19.1 | 50 | “ |
| 24 | 9/333/F | “ | 19.1 | 50 | “ |
| 25 | 9/333/G | “ | 47.1 | 50 | “ |
| 26 | 9/333/H | “ | 47.1 | 50 | “ |
| 27 | 9/333/J | “ | 47.1 | 50 | “ |
| | | ആകെ തറ വിസ്തീർണ്ണം | 255.9 | | |
| 28 | 9/480/A | ഇന്ദിരാദേവി | 19.56 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. |
| 29 | 9/480/B | “ | 19.56 | 30 | “ |
| 30 | 9/480/C | “ | 19.56 | 30 | “ |
| 31 | 9/480/D | “ | 19.56 | 30 | “ |
| 32 | 9/480/E | “ | 19.56 | 30 | “ |
| 33 | 9/480/F | “ | 19.56 | 30 | “ |
| 34 | 9/480/G | “ | 19.56 | 30 | “ |
| 35 | 9/480/H | “ | 19.56 | 30 | “ |
| | | ആകെ തറ വിസ്തീർണ്ണം | 156.8 | | “ |

| | | | | | |
|---|---|---|---|---|---|
| 36 | 17/317/A | പീറ്റർ ജയിംസ് | 42.135 | 30 | “ |
| 37 | 17/317/B | “ | 42.135 | 30 | “ |
| 38 | 17/317/C | “ | 42.135 | 30 | “ |
| 39 | 17/317/D | “ | 42.135 | 30 | “ |
| | | | 168.54 | 30 | “ |

വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണത്തിന് 30/- രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള 100ച. മീ. മുകളിലുള്ള തറ വിസ്തീർണത്തിന് 50/-രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയയിൽ തറ വിസ്തീർണ്ണം പ്രകാരം നിരക്ക് സെലക്ട് ചെയ്ത് നികുതി നിർണ്ണയിച്ചിരിക്കുന്നതിൽ ഏകരൂപം ഇല്ലാത്തതായി കാണുന്നു. പലരിൽ നിന്നും പല നിരക്കുകളിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 12 നൽകിയതിന് മറുപടിയായി ഐ.കെ.എം. , സഞ്ചയ സോഫ്റ്റ് വെയർ ഓപ്പൺ ചെയ്തു തരുന്ന മുറയ്ക്ക് നികുതി പരിഷ്കരിച്ച് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഉയർന്ന വരുമാനക്കാരിൽ നിന്ന് ഉയർന്ന നിരക്കിലും കുറഞ്ഞ വരുമാനക്കാരിൽ നിന്ന് കുറഞ്ഞ നിരക്കിലും നികുതി ഈടാക്കുന്നതിനായാണ് കെട്ടിട നികുതി നിർണ്ണയ നിരക്ക് സർക്കാർ തീരുമാനിച്ചിട്ടുള്ള പരിധിപ്രകാരം വാണിജ്യാവശ്യത്തിനുള്ള 100ച. മീ. മുകളിലുള്ള തറ വിസ്തീർണ്ണത്തിന് 50 രൂപ, വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണ്ണത്തിന് 30 രൂപ എന്നിങ്ങനെ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മുകളിൽ ചേർത്തിരിക്കുന്ന ഉദാഹരണങ്ങളിൽ ആകെ തറവിസ്തീർണ്ണം 340, 243.84 എന്നിവയുള്ളവരിൽ നിന്ന് 30 രൂപ നിരക്കിലും ആകെ തറവിസ്തീർണ്ണം 106.71 ഉള്ളവരിൽ നിന്ന് 50 രൂപ രൂപ നിരക്കിലും നികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നതായി കാണുന്നു. ഒരേ ഇനം നികുതിദായകരിൽ നിന്ന് വ്യത്യസ്ത നിരക്കിൽ നികുതി ഈടാക്കുന്നത് അഭിലഷണീയമല്ലാത്തതിനാൽ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം ഭരണസമിതി സ്വീകരിച്ച് തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) ഒരേ കെട്ടിടത്തിന്റെ രണ്ട് നിലകൾ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു, ഒരു നിലയ്ക്ക് മേഖലയുടെ അടിസ്ഥാനത്തിൽ ഇളവ് നൽകിയിരിക്കുന്നു.

| ക്രമ നം | വാർഡ് നം./കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണ്ണം | നിരക്ക് | കെട്ടിടത്തിൻെറ ഉപയോഗം | നിർണ്ണയിച്ചിരിക്കുന്ന നികുതി | റിമാർക്സ് | ഇളവില്ലാതെ ബാധകമായ നികുതി |
|---|---|---|---|---|---|---|---|---|
| 1 | 6/9/B | സുരേഷ്. രാജേഷ് | 30.46 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. | 30.46x30- 10% + 5%= 865 | ദ്വിതീയം 10% ഇളവ് | 960 |
| 2 | 6/9/C | “ | 30.45 | 30 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. വരെ തറ വിസ്തീർണം. | 30.46x30- 10% + 5%= 865 | ദ്വിതീയം 10% ഇളവ് | 960 |
| 3 | 6/9/D | സുരേഷ്. M.K | 33 | 50 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. മുകളിലുള്ള തറ വിസ്തീർണം. | | പ്രഥമം ഇളവില്ല. | |
| 4 | 6/9/E | സുരേഷ്. M.K | 38.2 | 50 | വാണിജ്യാവശ്യത്തിനുള്ള 100ച. മീ. മുകളിലുള്ള തറ വിസ്തീർണം. | | പ്രഥമം ഇളവില്ല. | |
| | | ആകെ തറ വിസ്തീർണ്ണം | 132.11 | | | | | |

നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് മേഖലാ തരംതിരിവ് സംബന്ധിച്ച ആധികാരിക രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 9(5) പരിഗണിക്കേണ്ടതാണ്.

## 1-18 പ്രൈവറ്റ് ഹോസ്പിറ്റൽ / പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

(എ) ഗ്രാമപഞ്ചായത്തിൻെറ 2020-21 ലെ പ്രൈവറ്റ് ഹോസ്പിറ്റൽ / പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയതായി കാണുന്നു. എന്നാൽ 2020-21 ലെ തൊഴിൽ നികുതി രേഖകൾ പ്രകാരം ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

2020-21

| ക്രമ നം. | സ്ഥാപനത്തിൻെറ പേര് | രജിസ്ട്രേഷൻ നം | ഉടമയുടെ പേര് |
|---|---|---|---|
| 1 | മാത്യൂസ് ഡെൻറൽ കെയർ | 01/2020-21 | മാത്യു റോയ് |

| | | | |
|---|---|---|---|
| 2 | സ്മാർട്ട് മെഡി പ്ലസ് ഡയഗ്നോസ്റ്റിക് സെൻറർ | 02/2020-21 | ഷിബു ജോസ് |
| 3 | പാറത്തു വയലിൽ ആയുർവേദക്ലിനിക് | 3/2020-21 | അനിൽ പി. വർക്കി |
| 4 | മംഗലത്ത് മൾട്ടി സ്പെഷ്യാലിറ്റി ഡെൻറൽ ക്ലിനിക് | 4/2020-21 | ഡോ. ബിനി കെ. ഐസക് |
| 5 | മേരിമാതാ ഡെൻറൽ ക്ലിനിക് | 5/2020-21 | ഡോ. ഏലിയാസ് ബേബി |
| 6 | ഗ്രീൻ ലൈഫ് ആയുർവേദക്ലിനിക് | 6/2020-21 | അനശ്രീ |
| 7 | ഒലിവ് ഡയഗ്നോസ്റ്റിക് സെൻറർ | 7/2020-21 | നൈജിൽ ജോസഫ് |
| 8 | ദേവിക കമ്പ്യൂട്ടർ ലബോറട്ടറി | 8/2020-21 | അഞ്ജലി സന്ദീപ് |
| 9 | എ.വി.എം.ആയുർവേദ ഹോസ്പിറ്റൽ | 9/2020-21 | ഡോ. എ.വി. പൗലോസ് |
| 10 | ഗുഡ് സമരിറ്റൻ | 10/2020-21 | എൽദോ ജേസഫ് |
| 11 | കാസി ക്ലിനിക് | 11/2020-21 | ബിന്ദു കെ. ജോർജ്ജ് |

2020-21 ലെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് , തൊഴിൽ നികുതി വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന മേൽ സ്ഥാപനങ്ങൾ, റീറ്റെയ്ൽ റേഷൻ ഡിപ്പോകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇവരിൽ നിന്നും ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 18 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടി എത്രയും വേഗം പൂർത്തീകരിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പ്രൈവറ്റ് ഹോസ്പിറ്റൽ / പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് രജിസ്ട്രേഷൻ രജിസ്റ്ററിൽ ബന്ധപ്പെട്ട കോളത്തിൽ സ്ഥാപനത്തിലെ ഡോക്ടർമാരുടെ എണ്ണം , ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകതയും പരിഹരിക്കേണ്ടതാണ്.

(ബി) ഗ്രാമ പഞ്ചായത്തിൻെറ 2020-21 ലെ എഗ്രിമെൻ്റ് രജിസ്ററർ പ്രകാരം താഴെ പറയുന്ന കോൺട്രാക്ടർമാർ കരാർ പ്രകാരം ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നതായി കാണുന്നു.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് | ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|---|---|
| 1 | കെ. ജി. രാജേഷ് | 15 | എം. വി. ബിനോയ് |
| 2 | എം. കെ. പൗലോസ് | 16 | ഇ.പി. സുനിൽകുമാർ |
| 3 | കെ. പി. ജോർജ്ജ് | 17 | നാസർ അഹമ്മദ് |
| 4 | മാത്യു വർഗ്ഗീസ് | 18 | സി.ആർ. വിജയൻ നായർ |
| 5 | എൽദോ പോൾ | 19 | എം. എസ്. ശ്രീനിവാസ് |
| 6 | എം. വി. ദിലീപ് കുമാർ | 20 | വി. എം. ബോസ് |
| 7 | ജോബി ജോസഫ് | 21 | അനുമോൻ ഐസക് |
| 8 | ആർ.സാബു | 22 | കെ. എ. യൂസഫ് |
| 9 | ഡിനു കെ. ചന്ദ്രൻ | 23 | ബേസിൽ അബ്രഹാം |
| 10 | എം. എം. പ്രകാശ് | 24 | എം.സി. കുര്യാക്കോസ് |
| 11 | എൽദോ ഏലിയാസ് | 25 | ടി.പി.വിനോദ്കുമാർ |
| 12 | ബിജു കെ. സ്ലീബ | 26 | വി.സി.ജോസ് |
| 13 | കെ. വി. മാത്യു | 27 | കെ.എം. ജോർജ്ജ്കുട്ടി |
| 14 | ബിനോ പി. ജോർജ്ജ് | 28 | ഇ.പി. സുനിൽകുമാർ |

(I) എഗ്രിമെൻ്റ് രജിസ്ററിൽ കോൺട്രാക്ട് ഒപ്പിട്ട തീയതി മുതൽ ജോലി പൂർത്തീകരിച്ച തീയതിവരെ കണക്കാക്കുമ്പോൾ മേൽ കോൺട്രാക്ടർമാർ 60 ദിവസത്തിലധികം ജോലി ചെയ്തിരുന്നു എന്ന് വ്യക്തമാണ്. കൂടാതെ ഒന്നിലധികം ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളവരും ഉണ്ട് . ആയതിനാൽ ഇവരിൽ നിന്നും ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 18 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടി എത്രയും വേഗം പൂർത്തീകരിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(Ii) എഗ്രിമെൻ്റ് രജിസ്ററിൽ, ജോലി പൂർത്തീകരിച്ച തീയതി പലതിലും രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകതയും പരിഹരിക്കേണ്ടതാണ്.

## 1-19 കേസ് ഫയലുകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിൽ കേസുകളുടെ വിവരങ്ങളും നൽകുന്ന വക്കീൽ ഫീസും ഉൾപ്പെടെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. എന്നാൽ കേസ് ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. പല ഫയലുകളിലും പഞ്ചായത്ത് വസ്തുതാവിവരണ പത്രിക തയ്യാറാക്കി അയച്ചതിനോ പഞ്ചായത്ത് എതിർകക്ഷി ആയ കേസുകളിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോയെന്നതിനോ യാതൊരു രേഖയും ലഭ്യമല്ല. പഞ്ചായത്ത് കക്ഷി ആയ കേസുകളിൽ വക്കീൽ ലഭ്യമാക്കുന്ന ഉത്തരവിന്റെ പകർപ്പിന്റെ അടിസ്ഥാനത്തിൽ ഫീസ് നൽകുന്നതൊഴിച്ചാൽ കോടതിയിൽ പഞ്ചായത്തിന്റെ താല്പര്യം സംരക്ഷിക്കുന്ന തരത്തിൽ കേസ് നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതായി കാണുന്നില്ല. കേസ് ഫയലുകളുടെ സൂക്ഷിപ്പും കേസ് നടത്തിപ്പും അർഹിക്കുന്ന ഗൗരവത്തിലെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19-1 കേസ് നടത്തിപ്പുകളിൽ കാര്യക്ഷമത ഉറപ്പാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷം ഒരേ വിഷയത്തിൽ രണ്ട് കേസുകളിലായി താഴെപ്പറയും വിധം 20,000/-രൂപ വക്കീൽ ഫീസ് നൽകിയിട്ടുണ്ട്.

1) WP(c)22886/2019 നമ്പർ കേസിന് വൌച്ചർ നം. 22000244/03.06.2020 പ്രകാരം 10000/- രൂപ

2)WP(c)5796/2020 നമ്പർ കേസിന് വൌച്ചർ നം.22000120/11.05.2020 പ്രകാരം 10000/- രൂപ

കേസിന്റെ വിശദാംശം താഴെ ചേർക്കുന്നു.
പഞ്ചായത്തിലെ ഐരാപുരം വില്ലേജിൽ സർവ്വേ നമ്പർ 76/9 ൽപ്പെട്ട 32.66 ആർ സ്ഥലത്ത് കുഴൽക്കിണർ നിർമ്മിക്കുന്നതിന് ശ്രീ.കെ ആർ പരമേശ്വരൻ നായർ, രോഹിണി, ഇടപ്പള്ളി എന്നയാൾ 03.05.2019 ൽ അപേക്ഷ സമർപ്പിക്കുകയും 17.05.2019 ലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ സ്ഥലപരിശോധനയിൽ അനുകൂല റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. പരിസരവാസികൾ പരാതി ഉന്നയിച്ചതിനെത്തുടർന്ന് 11.06.2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 26(1) നമ്പർ തീരുമാനത്തിൽ സ്ഥലത്തിന്റെ സമീപത്ത് ഒരു തോട് നിലവിലുള്ളതിനാലും അപേക്ഷകന് 80 സെന്റ് സ്ഥലം ഉള്ളതിനാലും തുറന്ന കിണർ കുഴിച്ചാലും ജലലഭ്യത ഉണ്ടാകുമെന്നും യോഗം വിലയിരുത്തുകയും കുഴൽക്കിണർ താഴ്ത്തുന്നതിന് അനുമതി നൽകേണ്ടതില്ലായെന്ന് കമ്മിറ്റി തീരുമാനിക്കുകയും സെക്രട്ടറി ആയത് പ്രകാരം കുഴൽക്കിണറിന് അനുമതി നിഷേധിക്കുകയും ചെയ്തു. ഭൂജല വകുപ്പ് എറണാകുളം ജില്ലാ ഓഫീസറുടെ 08.02.2018 ലെ ഭൂ.ജ.എ/192/17 നമ്പർ കത്തിൽ അപേക്ഷകനായ ശ്രീ. പരമേശ്വരൻ നായരുടെ സ്ഥലത്ത് ഭൂജല പര്യവേഷണം നടത്തി സ്ഥലം കുഴൽക്കിണർ/ തുറന്ന കിണർ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് കുഴൽക്കിണർ നിർമ്മാണത്തിന് അനുമതി നിഷേധിച്ചതിനെതിരെ ശ്രീ.പരമേശ്വരൻ നായർ ബഹു.കേരള ഹൈക്കോടതിയിൽ WP(c) 22886/2019 നമ്പർ ഹർജി സമർപ്പിക്കുകയും ബഹു.ഹൈക്കോടതിയുടെ 18.11.2019 ലെ വിധിയിൽ അപേക്ഷകനെയും പരാതിക്കാരെയും നേരിൽ കേട്ട് ഒരുമാസത്തിനകം വിഷയത്തിൽ തീർപ്പുണ്ടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 06.01.2020 ൽ നടത്തിയ ഹിയറിംഗിന് ശേഷം വിഷയം പഞ്ചായത്ത് കമ്മിറ്റി വീണ്ടും ചർച്ച ചെയ്യുകയും ജല ലഭ്യത ഉള്ളതിനാൽ തുറന്ന കിണർ കുഴിക്കുന്നതിന് ടി പ്രദേശത്ത് സാദ്ധ്യതയുള്ളതായി യോഗം വിലയിരുത്തുകയും ടി സ്ഥലത്ത് തുറന്ന കിണർ കുഴിച്ച് വെള്ളം ലഭ്യമല്ലാത്ത അവസ്ഥയിൽ കുഴൽക്കിണർ കുഴിക്കുന്നതിന് അനുമതി നൽകി തീരുമാനിക്കുകയും ചെയ്തു.

തുറന്ന കിണർ കുഴിച്ച് ജലം ലഭ്യമല്ലെങ്കിൽ കുഴൽക്കിണർ കുഴിക്കുന്നത് ഇരട്ടിച്ചെലവ് ഉണ്ടാക്കുമെന്നതിനാൽ ശ്രീ.പരമേശ്വരൻ നായർ വീണ്ടും ബഹു.ഹൈക്കോടതിയിൽ WP(c)5796/2020 നമ്പർ ഹർജി ഫയൽ ചെയ്യുകയും പഞ്ചായത്തിനോട് വിഷയത്തിൽ ഉചിതമായ തീരുമാനം ഒരു മാസത്തിനകം കൈക്കൊള്ളാൻ ബഹു.ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു. 04.06.2020 ലെ സി3-3111/2019 നമ്പരായി 20/- രൂപ പെർമിറ്റ് ഫീസ് ഈടാക്കി പഞ്ചായത്ത് കോടതി വിധിയുടെ അടിസ്ഥാനത്തിൽ കുഴൽക്കിണർ നിർമ്മാണത്തിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ വിഷയത്തിൽ കോടതി നിരീക്ഷിച്ച കാര്യം ചുവടെ ചേർക്കുന്നു.

കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിൽ നിന്ന് അവശ്യാനുമതി അപേക്ഷകൻ ലഭ്യമാക്കിയിരുന്നു. എന്നാൽ അനുമതി നിഷേധിച്ച പഞ്ചായത്ത് അനുമതി നിഷേധിക്കുന്നതിന് നിയമപ്രകാരം ഒരു കാരണവും രേഖപ്പെടുത്തിയിട്ടില്ല. അനുമതി നിഷേധിക്കാനുള്ള ഒരു കാരണവും പഞ്ചായത്ത് കോടതിയിൽ ബോധിപ്പിച്ചിട്ടില്ല.

ടി വിഷയത്തിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 91 മുതൽ 97 വരെയാണ് കിണർ കുഴിക്കുന്നതിനുള്ള അനുമതി സംബന്ധിച്ചുള്ളവ. കുഴൽക്കിണർ നിർമ്മാണത്തിന് അനുമതി നിഷേധിക്കാൻ ചട്ടപ്രകാരം ഒരു പോരായ്മയും ഉള്ളതായി രേഖയില്ല. ഈ സാഹചര്യത്തിൽ അപേക്ഷകന് ലഭ്യമാക്കേണ്ട സേവനം പഞ്ചായത്ത് കോടതിനടപടികൾ മൂലം വൈകിപ്പിച്ചു.

2. പരിസരവാസികളുടെ പരാതിക്ക് അടിസ്ഥാനമുണ്ടോയെന്ന് ശാസ്ത്രീയമായ ഒരു വിദഗ്ദ്ധാഭിപ്രായവും പഞ്ചായത്ത് തേടിയിട്ടില്ല. മറിച്ച് തുറന്ന കിണർ കുഴിച്ചാലും ജലം ലഭ്യമാകുമെന്നതിനാൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണറിന് അനുമതി നിഷേധിച്ചതായാണ് രേഖകളിൽ കാണുന്നത്.

3. ഇരു കേസുകളിലുമായി 20,000/- രൂപ വക്കീൽ ഫീസ് നൽകിയെങ്കിലും വസ്തുതാവിവരണ പത്രിക തയ്യാറാക്കി അയക്കുകയോ പഞ്ചായത്ത് എതിർകക്ഷി ആയ കേസിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തതായോ രേഖയില്ല. പരാതിക്കാരന്റെ ഒരു വാദത്തിനും പഞ്ചായത്തിന്റെ ഭാഗം കോടതിയിൽ അവതരിപ്പിച്ചതായി കോടതിവിധിയിൽ പരാമർശമില്ല.

മേൽ കേസുകളിൽ പഞ്ചായത്ത് വസ്തുതാവിവരണ പത്രിക തയ്യാറാക്കി അയച്ചിട്ടുണ്ടെങ്കിൽ ആയതും കോടതിയിൽ എതിർ സത്യവാങ്മൂലം ഫയൽചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 27.10.2021 ലെ 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വസ്തുതാവിവരണ പത്രിക അയച്ചിരുന്നുവെന്നും എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്നും മറുപടി നൽകി. എന്നാൽ വസ്തുതാവിവരണ പത്രികയുടെ പകർപ്പായി ഹാജരാക്കിയിട്ടുള്ളത് WP(c)22886/2019 നമ്പർ കേസ് സംബന്ധിച്ച ഒരു ഖണ്ഡികയിലുള്ള റിപ്പോർട്ട് മാത്രമാണ്. എതിർ സത്യവാങ്മൂലത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുമില്ല. പഞ്ചായത്ത് ഹാജരാക്കിയ മറുപടിയിൽ കുടിവെള്ള ക്ഷാമവും കൃഷി ആവശ്യത്തിനുള്ള ജലലഭ്യതക്കുറവും ഉള്ളതിനാൽ തുറന്ന കിണറിന് മാത്രമാണ് പ്രോത്സാഹനം കൊടുക്കുന്നതെന്നാണ്. വൗച്ചർ നമ്പർ 21801247/ 31.03.2019 പ്രകാരം കുഴൽക്കിണർ നിർമ്മാണത്തിന് പഞ്ചായത്ത് തന്നെ ഭൂജലവകുപ്പിൽ 2,00,000/- രൂപ നിക്ഷേപിച്ചിട്ടുള്ളതിനാൽ ഈ മറുപടി വസ്തുതാവിരുദ്ധമാണെന്ന് വ്യക്തമാണ്.
ചട്ടപ്രകാരം ശരിയായ തീരുമാനം എടുക്കുകയോ എടുത്ത തീരുമാനം കോടതിയിൽ സ്ഥാപിക്കുകയോ ചെയ്തിരുന്നെങ്കിൽ ഈയിനത്തിലെ പാഴ്ച്ചെലവ് ഒഴിവാക്കാമായിരുന്നു.

## 1-20 കാലാവധി കഴിഞ്ഞ നിക്ഷേപതുകകളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ സപ്ലൈയേഴ്സ് ഇ.എം.ഡി. ഇനത്തിൽ 2017-18 വർഷം ലഭിച്ച താഴെപ്പറയുന്ന ഡെപ്പോസിറ്റുകൾ നാളിതുവരെ റീഫണ്ട് ചെയ്തിട്ടില്ലാത്തതായി കാണുന്നു .

| രസീത് നമ്പർ/തീയതി | തുക |
|---|---|
| 117030106049/29.12.2017 | 11113 /- |
| 117030106050/29.12.2017 | 11113 /- |

| | |
|---|---|
| ആകെ | 22226 /- |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തിരിച്ചെഴുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . 14.01.20 ലെ തദ്ദേശസ്വയംഭരണ(എ.സി.)വകുപ്പ് ന്റെ സർക്കാർ ഉത്തരവ് നം.എ സി 1 / 125 / 2019 -തസ്വഭവ ഉത്തരവ് പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഓരോന്നിന്റെയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി തുകകൾ റീഫണ്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് സെക്രട്ടറിക്ക് നല്കിയ 29.10.2021 ലെ 28ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാലാവധി കഴിഞ്ഞ നിക്ഷേപത്തുകകളിന്മേൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 മഴക്കാലപൂർവ്വ ശുചീകരണം - മുൻകൂർ തുക ക്രമീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 28.06.2017 ന് വൌച്ചർ നമ്പർ 21700204 പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.-ക്ക് അനുവദിച്ച തുകയിൽ 59,071/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഈ തുക, ചെലവ് വൌച്ചറുകൾ ഹാജരാക്കി ക്രമീകരിക്കുകയോ ചെലവായിട്ടില്ലാത്ത പക്ഷം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

നിക്ഷേപ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി.ക്ക് 2020-21 വർഷം താഴെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S 313/21 |
| പ്രോജക്ടിന്റെ പേര് | ഇഞ്ചപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ |
| അടങ്കൽ | 5,50,000/-( ധനകാര്യ കമ്മീഷൻ അവാർഡ്- 5,00,000/-, തനത് ഫണ്ട്- 50000/-) |
| ചെലവ് | 5,49,979/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെക്ക് നമ്പർ/ ബിൽ നമ്പർ | 277057തീയതി 04.12.2020 തുക49979/-<br>18/20-21 തീയതി 30.12.2020 തുക5,00,000/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രൊജക്ടിൽ ഇഞ്ചപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നൽകിയ എസ്റ്റിമേറ്റ് പ്രകാരം 5,49,979/-/- രൂപ അടവാക്കിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ട്രാൻസ്ഫോർമർ സ്ഥാപിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ഈയിനത്തിലെ 5,49,979/-/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 തനതുഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ചത് എം.എൽ.എ. ഫണ്ടിൽ നിന്നും തിരികെ ലഭ്യമാക്കിയില്ല

മഴുവന്നൂർ പഞ്ചായത്തിൽ വിവിധ ഇനങ്ങളിലായി എം.എൽ.എ. ഫണ്ടിൽ നിന്നും തുക റീക്കൂപ്പ് ചെയ്യുമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. നിയമസഭാ സാമാജികരുടെ പ്രത്യേക വികസന നിധിയിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ കുന്നത്തുനാട് എം.എൽ.എ. ആയിരുന്ന ശ്രീ.വി പി സജീന്ദ്രൻ, മഴുവന്നൂർ ഗ്രാപഞ്ചായത്തിലെ മുണ്ടക്കൽ മരക്കാർ വായനശാലക്ക് ലാപ്ടോപ്പ് ലഭ്യമാക്കാൻ 29567/- രൂപ അനുദിച്ചതായി 26.03.2020 ലെ എറണാകുളം ജില്ലാ കളക്ടറുടെ DCEKM/170/2020 നമ്പർ ഉത്തരവ് പ്രകാരം അറിയിച്ചിരുന്നു. കെൽട്രോണിൽ നിന്നും ലഭ്യമായ 27489/- രൂപയുടെ ഇൻവോയ്സ് പ്രകാരം 12.06.2020 ലെ സി2-2626/20 നമ്പർ നടപടിക്രമം മുഖേന 27489/- രൂപ തനത് ഫണ്ടിൽ നിന്നും കെൽട്രോണിന് കൈമാറാൻ സെക്രട്ടറി ഉത്തരവായതനുസരിച്ച് വൗച്ചർ നമ്പർ 22000268 തീയതി 12.06.2020 പ്രകാരം 27489/- രൂപ കെൽട്രോണിന് കൈമാറി.

2. ശ്രീ. വി പി സജീന്ദ്രൻ എം.എൽ.എ. യുടെ വികസന നിധിയിൽ നിന്നും 2020-21 വർഷം പഞ്ചായത്തിലെ വിവിധ അങ്കണവാടികൾ, ലൈബ്രറികൾ എന്നിവിടങ്ങളിൽ ഓൺലൈൻ പഠനത്തിനായി 32 ഇഞ്ച് സാംസങ്ങ് ടി വി വാങ്ങുന്നതിനായി 25% തുക എം.എൽ.എ. എസ്.ഡി.എഫ്. ഫണ്ട് വിഹിതമായി അനുവദിക്കുന്നതായി എറണാകുളം ജില്ലാ കളക്ടറുടെ 15.09.2020 ലെ DCEKM/7447/2020-എഫ് 2 നമ്പർ നടപടിക്രമത്തിൽ അറിയിച്ചിരുന്നു. ഇപ്രകാരം മഴുവന്നൂർ പഞ്ചായത്തിൽ വിവിധ അങ്കണവാടികളിലേക്ക് 25 ടിവി വാങ്ങുന്നതിന്റെ 25% തുക എം.എൽ.എ. ഫണ്ടിൽ നിന്നും ബാക്കി 75% ശതമാനം തുക കെ.എസ്.എഫ്.ഇ.യിൽ നിന്നും ലഭ്യമാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. കെ.എസ്.എഫ്.ഇ.യിൽ നിന്ന് 2,50,000/- ലഭ്യമായപ്പോൾ വൗച്ചർ നം.22000824 തീയതി 28.10.2020 പ്രകാരം 87250/-രൂപ (ചെക്ക് നം.956819 തീയതി 27.10.2020) എം.എൽ.എ. ഫണ്ടിൽ നിന്നും പിന്നീട് റീക്കൂപ്പ് ചെയ്യുമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തതായി കാണുന്നു. ഈ തുകകൾ എം.എൽ.എ. ഫണ്ടിൽ നിന്നും പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 26.10.2021 ലെ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക റീക്കൂപ്പ് ചെയ്തിട്ടില്ലായെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. ക്രമ നം.2 പ്രകാരം ഓൺലൈൻ പഠനത്തിന് 25 ടി വി വാങ്ങുന്നതിന്റെ 25% തുക 87250/- രൂപ എം.എൽ.എ. ഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്യുന്നതിന് രേഖകൾ സമർപ്പിച്ചപ്പോൾ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാങ്ങിയതാണെന്നുള്ള നെയിംസ്ലിപ്പ് ടി വിയിൽ പതിപ്പിച്ചിട്ടില്ലെന്ന കാരണത്താൽ ബില്ല് മടക്കി അയച്ചതാണെന്നും

അപാകത പരിഹരിച്ച് തുക റീക്കപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾക്ക് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകാൻ നിലവിൽ വ്യവസ്ഥയില്ല. ഓൺലൈൻ പഠനത്തിന് അനുവദിച്ച ടിവിക്ക് നൽകിയ റീക്കപ്പ് ചെയ്യേണ്ട മുൻകൂർ തുക വാർഷിക ധനകാര്യ പത്രികയിൽ മുൻകൂർ ഇനത്തിൽ ചേർക്കാതെ ചെലവ് ഇനത്തിൽ ചേർത്ത് 410710104 എന്ന ഹെഡ്ഡിൽ ആസ്തിയായി ചേർത്തിട്ടുള്ളതായും കാണുന്നു. തുക തിരികെ ലഭ്യമാകുന്നത് വരെ രണ്ട് ഇനങ്ങളിലുമായി വന്ന 114739/- (27489 + 87250) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് 151/21, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 5,00,000/- (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് ) |
| ചെലവ് | 5,00,000/- |
| ബിൽ റഫറൻസ് നമ്പർ | 2600474602 തീയതി 26.08.2020/- |

2020-21 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 5,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയെങ്കിലും ആകെ 461134/- രൂപയുടെ മരുന്ന് മാത്രമാണ് വിവിധ തീയതികളിലായി ലഭ്യമായിട്ടുള്ളത്. 38866/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നത് വരെ 38866/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആരോഗ്യമേഖല നിരവധി പ്രതിസന്ധികൾ നേരിടുന്ന ഈ സമയത്ത് മരുന്നുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 വാഹനങ്ങളുടെ ഇൻഷുറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പഞ്ചായത്തിലെ വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കുന്നതിനായി ന്യൂ ഇന്ത്യാ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന് താഴെപ്പറയും പ്രകാരം ആകെ 48711/- രൂപ നൽകിയതായി കാണുന്നു.

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 40 A 0664 നമ്പർ ബൊലേറോ ജീപ്പിന്റെ ഇൻഷുറൻസ് പുതുക്കുന്നതിന് വൌച്ചർ നമ്പർ 22000207 തീയതി 27.05.2020 പ്രകാരം 11255/- രൂപ നൽകി.
2. ബഡ്സ് സ്കൂളിന്റെ വാഹനത്തിന്റെ ( നം. KL 40 C 9794-വാൻ) ഇൻഷുറൻസ് പുതുക്കുന്നതിന് വൌച്ചർ നം. 22000208 തീയതി 27.05.2020 പ്രകാരം 37456/- രൂപ നൽകി.

കേരള സർക്കാരിന് കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷുറൻസ് കവറേജ് ഉണ്ടായിരിക്കണമെന്ന് ജി.ഒ(പി) നം 819/2000/ധന തീയതി 18.04.2000 ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷുറൻസ് എടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.10.2021 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനനുസൃതമായി ഇൻഷുറൻസ് പുതുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കോവിഡ്-19 -പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരം സംബന്ധിച്ച്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ പ്രോജക്ടുകൾ വഴിയായി താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടു നമ്പർ | തുക/ഫണ്ട് |
|---|---|
| 216 | 50000/- പ്ലാൻ ഫണ്ട് |
| 297 | 34500/-തനത് ഫണ്ട് |
| 299 | 269775/-പ്ലാൻ ഫണ്ട് |
| 307 | 300000/-പ്ലാൻ ഫണ്ട് |
| 318 | 479540/-പ്ലാൻ ഫണ്ട് |

മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിക്കുകയോ, കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങളോ ഉണ്ടായിട്ടില്ല. പ്രത്യേക പരിഗണന നൽകേണ്ടവരുടെ(ഗുരുതര രോഗികൾ,പ്രായാധിക്യമുള്ളവർ) സുരക്ഷയ്ക്ക് ഹെൽപ്പ് ഡസ്ക് രൂപീകരിച്ചിട്ടില്ല. വാർഡ് തല സമിതികൾ, വാർഡ് തല ക്ലസ്റ്ററുകൾ, ആർ.ആർ.റ്റി. അംഗങ്ങൾ എന്നിരുടെ നേതൃത്വത്തിലാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയത്. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല. പഞ്ചായത്തിലെ ഗവൺമെന്റ് യു.പി.സ്കൂളിൽ ഡോമിസിലറി കെയർ സെന്റർ 6.5.2021 മുതൽ ആരംഭിച്ച് 5.10.2021 വരെ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. ഇവിടെ 355 രോഗികളെ അഡ്മിറ്റ് ചെയ്തു പരിരക്ഷിച്ചു. പൾസ് ഓക്സിമീറ്റർ പഞ്ചായത്ത് വാങ്ങിയിരുന്നില്ല. ഗ്രാമപഞ്ചായത്തിലെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും,വ്യക്തികളിൽ നിന്നും സംഭാവന ഇനത്തിൽ ലഭിച്ച 10000/- രൂപ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കുന്നത്തുനാട് സബ് ട്രഷറിയിൽ പ്രത്യേക അക്കൗണ്ട് തുടങ്ങി നിക്ഷേപിച്ചിരുന്നു. ഈ തുക മുഴുവൻ കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## 1-27 കെട്ടിടനികുതി അടവാക്കാത്ത മൊബൈൽ ടവറുകൾ സംബന്ധിച്ച്

സഞ്ചയ പ്രകാരം വസതു നികുതി പിരിവ് പരിശോധിച്ചതിൽ, താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കാത്തതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | വാർഡ് നം. | ഉടമസ്ഥൻെറ പേര് | സ്ഥാപനം | ഡിമാൻറ് | റിമാർക്സ് |
|---|---|---|---|---|---|

| നം. | കെട്ടിട നം. | | | 2020-21( I&II Half) | |
|---|---|---|---|---|---|
| 1 | 5/763 | Reliance Infrastructure Private Limited P.I. Sasi | Reliance Infrastructure Private Limited | 10784<br>10783 | |
| 2 | 12/644 | Reliance Telecom Infrastructure (P) Limited Saju | Reliance Telecom Infrastructure (P) Limited | 11517<br>11515 | |
| 3 | 16/689/A | The Divisional Engineer George Varghese | BSNL Tower, Thattamugal | 14076<br>14075 | (President Of India യുടെ പേരിലുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇളവ് നൽകിയിട്ടുള്ളത്) |
| 4 | 18/289/B | Manager, Indus Indus Towers Ltd. Scaria | Indus Towers | 17105<br>17104 | |
| 5 | 18/367/B | Sub Divisional Engineer, Poulose | BSNL Mobile Services, Parayanchery | 14076<br>14075 | (President Of India യുടെ പേരിലുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇളവ് നൽകിയിട്ടുള്ളത്) |
| | | ആകെ | | 135110 | |

ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25) മറുപടിയായി തുകകൾ പിരിച്ചെടുക്കുന്നതാണെന്നും ബി.എസ്. എൻ. എൽ. ടവറിന് ആർ.ആർ. നടപടി സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. തുകകൾ പിരിച്ചെടുത്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1996-ലെപഞ്ചായത്ത് രാജ് നിയമം (വകുപ്പ് 232) (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) 1 (10), പട്ടിക 1-ലെ ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2019-20,2020-21 വർഷങ്ങളിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ റീറ്റെയ്ൽ റേഷൻ ഡിപ്പോകൾ ലൈസൻസിന് അപേക്ഷിക്കുകയോ, പഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26) മറുപടിയായി റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-29 ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പോഷകാഹാരം

2020-21 വർഷം ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പോഷകാഹാരംനൽകുന്നതിനായി ചുവടെ ചേർക്കുന്നതു പ്രകാരം അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്റ്റ് വിഭാവനം ചെയ്ത് നടപ്പിലാക്കി.കുടുംബശ്രീ മെമ്പർ സെക്രട്ടറി പദ്ധതി നിർവ്വഹണം നടത്തി റിക്വസ്റ്റ് നൽകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതായാണ് പ്രോജക്റ്റ് ലക്ഷ്യത്തിൽ പറഞ്ഞിട്ടുള്ളത്.ഫാൽക്കൻ മൾട്ടിപർപ്പസ് ഗ്രൂപ്പ്,തൃക്കളത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിവിധ ബില്ലുകൾ പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തത്.

| പ്രോജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|---|---|
| 161/2021 | ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പോഷകാഹാര പദ്ധതി | പൊതു വിഭാഗം വികസന ഫണ്ട് | 1,00,000 | 1,00,000 | 246/27.10.20 |
| തനത് ഫണ്ട് | | | 2,00,000 | 1,74,400 | |
| ആകെ | | | 3,00,000 | 2,74,400 | |

ആശ്രയ കിറ്റുകളുടെ വിതരണ രജിസ്റ്റർ ഹാജരാക്കിയെങ്കിലും വിവരങ്ങൾ കൃത്യമല്ല. ഏതെല്ലാം മാസങ്ങളിലെ കിറ്റ് വിതരണം ആണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് നടത്തിയതെന്നതിന്റെ വിവരങ്ങൾ ലഭ്യമായില്ല. ഉണഭോക്താക്കളുടെ കൈപ്പറ്റ് വിവരം സൂക്ഷിച്ചിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 313/21, ഇഞ്ചപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 18/20-21/ 30.12.2020<br>277057/ 04.12.2020 | 500000<br>49979 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

### 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 0 | 2020-21 | 680000 | 04/21 സമഗ്ര നെൽകൃഷി വികസനം | 680000 | |
| 2 | ബ്ലോക്ക്പഞ്ചായത്ത്' | 0 | 2020-21 | 2330000 | 08/21, ലൈഫ് ഭവനപദ്ധതി (ജനറൽ) | 2330000 | 0 |
| 3 | ബ്ലോക്ക്പഞ്ചായത്ത് | 0 | 2020-21 | 3525000 | 9/21, ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (എസ്.സി) | 3525000 | 0 |
| 4 | ബ്ലോക്ക്പഞ്ചായത്ത് | | 2020-21 | 415000 | 17/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 415000 | 0 |
| 5 | ജില്ല പഞ്ചായത്ത് | | 2020-21 | 1170000 | 9/21, ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (എസ്.സി) | 1170000 | 0 |
| 6 | ജില്ലാ പഞ്ചായത്ത് | | 2020-21 | 415000 | 17/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 415000 | |
| 7 | ജില്ലാ പഞ്ചായത്ത് | | 2020-21 | 260572 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 260572 | 0 |
| 8 | ജില്ലാ പഞ്ചായത്ത് | 2085711 | 2018-19 | 0 | 235/21 ഏത്തക്കാട്ടിൽ കോളനി നവീകരണം | 1731986 | 353725 |
| 9 | ജില്ലാ പഞ്ചായത്ത് | 0 | 2020-21 | 360000 | 321/21 ലൈഫ് ഭവനപദ്ധതി – എസ്.സി. | 360000 | 0 |
| 10 | ബ്ലോക്ക്പഞ്ചായത്ത് | 4204572 | ലഭ്യമല്ല | 0 | 229/21 സ്പോർട്സ് കിറ്റ് വിതരണം | 10210 | 4194362 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ-വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഹഡ്കോ ലോൺ (KURDFC) വഴി ലഭിച്ചത്) | --- | --- | *13393530 | 1537530 | --- | 11856000 |

*മുന്നിരിപ്പ്- 8853530 +
തൻവർഷത്തെ വരവ്- 4540000

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 210395 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ ലഭിച്ചത് | 3977 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 214372 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 0 |

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2018-19 | 3-1 | 13790/- | ശ്രീ എം.കെ. ശിവദാസൻ, ഹെഡ്മാസ്റ്റർ | 120030100368/15.05.20 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 37 | 2002-03 | Vii.1.7.10(i) | വീട് മെയിന്റനൻസിന് ഉണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് | സർക്കാർ സാധൂകരണം ലഭിക്കുന്നതിന് 28/11/2019 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 1999-00 2001-02 | 32 | 2002-03 | Vii.1.7.10(i) | | |
| 2014-15 | 2-2 | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | തൊഴിൽ നികുതി ഈടാക്കി. റിപ്പോർട്ട് 06/05/19 തീയതി ബഹു.ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , എറണാകുളം ഓഫീസിൽ അയച്ചിട്ടുണ്ട്. മറുപടി ലഭ്യമായില്ല. |
| 2015-16 | 2-2 | 2016-17 | | | |

## 4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,50,28,195 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,55,60,926 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,58,008 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 154424 | ശ്രീമതി. അനിമോൾ, സെക്രട്ടറി |
| 1-22 | 549979 | ശ്രീമതി. അനിമോൾ, സെക്രട്ടറി |
| 1-23 | 114739 | ശ്രീമതി. അനിമോൾ, സെക്രട്ടറിഇല്ല |
| 1-24 | 38866 | ശ്രീമതി.ഹേമ തിലക്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 858008 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനിമോൾ, സെക്രട്ടറി | സെക്രട്ടറി, മാറാടി ഗ്രാമപഞ്ചായത്ത് | ശിശൈലം, പാഴൂർ.പി.ഒ., പിറവം |
| ശ്രീമതി.ഹേമ തിലക്, മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീമതി.ഹേമ തിലക്, മെഡിക്കൽ ഓഫീസർ, ഹോമിയോ | തറയത്ത് വീട്, മരട്.പി.ഒ., എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 1996-97 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 1997-98 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1998-99 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1999-00 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 4 |
| 2000-01 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 2 |
| 2001-02 (പദ്ധതി) | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2002-03 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 2003-04 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2005-06 | കെ.എസ്.എ(ഇ.കെ.എം)പി1 1509/2015.തീ.15.03.2016 | 6 |
| 2006-07 | എൽ.എഫ്.ഇ(പി1)139/09, 15.06.10/06.07.10 | 24 |
| 2007-08 | എൽ.എഫ്.ഇ(പി1)140/09, 17.08.2010 | 27 |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ(ഇ.കെ.എം)പി1 1522/2015.തീ.28.01.2016 | 14 |
| 2011-12<br>2012-13 | കെ.എസ്.എ(ഇ.കെ.എം)പി1 255/2015.തീ.28.07.2015 | 14 |
| 2013-14 | കെ.എസ്.എ(ഇ.കെ.എം)പി1 640/2016.തീ.20.09.16 | 8 |
| 2014-15 | കെ.എസ്.എ(ഇ.കെ.എം)പി1 183/2017.തീ.22.02.2017 | 8 |
| 2015-16 | കെ.എസ്.എ(ഇ.കെ.എം)പി1 2246/2016.തീ.17.01.2017 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി1) 1665/2017, തീ.18.04.2018 | 16 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി1) 2192/2018, തീ.31.10.2018 | 12 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി1) 2/2020, തീ. 25/01/2020 | 5 |

| | |
|---|---|
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി1) 1554/2021 തീ. 08.12.2021 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്